بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 01-10-2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്‌കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

**നബി(സ)തിരുമേനിയുടെ റാഷിദ് ഖലീഫ മഹാനായ ഫാറൂഖ് ഹദ്റത്ത് ഉമറുബ്നു ഖത്വാബ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിവരണം.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) യൂറോപ്പിലും സ്പെയിനിലും സിസിലിയിലും തബ്‌ലീഗ് ചെയ്യുന്നതിനെ സംബന്ധിച്ച് ഒരു പ്രഭാഷണം നടത്തിക്കൊണ്ട് ഹദ്റത്ത് ഉമർ(റ)ന്റെ കാലത്തെ സംഭവം വിവരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു; ഹദ്റത്ത് അബൂഉബൈദ(റ) സിറിയയുമായുള്ള യുദ്ധത്തിൽ സൈനികരുടെ കുറവും ശത്രുസൈന്യത്തിന്റെ ആധിക്യവും കണ്ടുകൊണ്ട് കൂടുതൽ സൈന്യത്തെ അയക്കാൻ ഹദ്റത്ത് ഹദ്റത്ത് ഉമർ(റ)നോട് അപേക്ഷിച്ചു. ഹദ്റത്ത് ഉമർ(റ) വിവിധ ഗേത്രങ്ങളുമായി കൂടിയാലോചിച്ച ശേഷം ഒരു ഗോത്രത്തിൽനിന്നും യുവാക്കളെ ഒരുമിച്ചുകൂട്ടിയതിനുശേഷം ഹദ്റത്ത് അബൂഉബൈദ്(റ)ക്ക് എഴുതി; മൂവ്വായിരം സൈനികരെയും മൂവ്വായിരം സൈനികർക്ക് തുല്യനായി അംറുബ്നു മഅദി കർബിനെയും നിങ്ങളുടെ സഹായത്തിനായി അയക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; മൂവ്വായിരത്തിനു തുല്യനാണെന്നു പറഞ്ഞ് നാം ഒരു യുവാവിനെ അയക്കുകയാണെങ്കിൽ അത് ബുദ്ധിക്ക് നിരക്കാത്തതാണെന്ന് ആളുകൾ പറയും എന്നാൽ അവർ അവരുടെ വിശ്വാസത്തിന്റെ ദൃഢതയാലും കാലത്തിന്റെ ഖലീഫയുടെ വാക്കുകൾക്ക് പ്രാധാന്യം കല്പിക്കുന്നതിനാലും ഒറ്റക്ക് ഹദ്റത്ത് അംറുബിൻ മഅദി കരബിനെതിരെ ആക്ഷേപം ഉന്നയിക്കാതെ വലിയ മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രൗഢഗംഭീരമായ സ്വീകരണമാണ് നൽകിയത്. അതുകണ്ട് ശത്രുക്കൾ, മുസ്‌ലിംകളുടെ സഹായത്തിനായി ഒന്നോ രണ്ടോ ലക്ഷം സൈനികർ എത്തിച്ചേർന്നിരിക്കുന്നുവെന്നാണ് ധരിച്ചത്. അവർ യുദ്ധമൈതാനത്തുനിന്നും പരാജിതരായി ഭയന്നോടുകയാണുണ്ടായത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുകയാണ്; നമുക്കും ഇത്തരത്തിൽ നമ്മുടെ മനസ്സിന് ആശ്വാസം നൽകേണ്ടതിന്റെ ആവശ്യമുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്പെയിനിലും സിസിലിയിലുമെല്ലാം എങ്ങനെ തബ്‌ലീഗ് ചെയ്യാമെന്ന് വിവരിക്കുന്ന സന്ദർഭത്തിലാണ് ഈ സംഭവം വിവരിച്ചത്.

ഈജിപ്ത് വിജയസമത്തുണ്ടായ ഫർമാ യുദ്ധവും സ്മരണീയമാണ്. ഫർമാ, റൂം നദിക്കരയുടെയും പലോസി നദിക്കും മുൻവശത്ത് നൈൽനദിയോട് ചേർന്ന് ഒരു പർവ്വതത്തിനുമുകളിൽ സ്ഥിതി ചെയ്യുന്ന ഈജിപ്തിലെ ഒരു സുപ്രസിദ്ധ നഗരമാണ്. അല്ലാമാ ശിബ്‌ലി നുഅ്മാനിയുടെ അഭിപ്രായത്തിൽ ബൈത്തുൽമുഖദ്ദസ് വിജയത്തിനു ശേഷം ഹദ്റത്ത് അംറുബ്നു ആസിന്റെ ആവശ്യപ്രകാരം ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന് നാലിയിരം വരുന്ന സൈന്യത്തെ നൽകിക്കൊണ്ട് ഈജിപ്തിലേക്കയച്ചു. ഈജിപ്തിലെത്തുന്നതിനു മുൻപായി എന്റെ എഴുത്ത് ലഭിക്കുകയാണെങ്കിൽ തിരികെ വരണമെന്നും കല്പന നൽകി. ഇതു സംബന്ധമായി വ്യത്യസ്ത നിവേദനങ്ങളുണ്ട്. എന്നാൽ ഈജിപ്തിന്റെ പരിധിയിലുള്ള അരീഷിൽ വച്ച് അദ്ദേഹത്തിനു കത്ത് ലഭിച്ചിരുന്നു എന്നാതാണ് ശരിയായ നിവേദനം. ഈജിപ്തിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കെ അവർക്കു മുന്നോട്ടു തന്നെ ഗമിക്കേണ്ടതുണ്ടായിരുന്നു. കാരണം വിശ്വാസി, മുന്നോട്ടുവച്ച കാൽ പിന്നോട്ടെടുക്കുകയില്ല. ഇസ്‌ലാമിക സൈന്യം അംഗബലത്തിൽ കുറവായതും തങ്ങൾ അംഗബലത്തിലും തയ്യാറടെപ്പിലും മികച്ചവരാണെന്നും കാണുമ്പോൾ മുസ്‌ലിംകളുടെ ധൈര്യം ക്ഷയിച്ചുപോകുമെന്നും കരുതി റോമാക്കാർ സ്വയം കോട്ടയടച്ചിരുന്നു. മാസങ്ങളോളമുള്ള ഉപരോധത്തിനൊടുവിൽ കോട്ടയിൽനിന്നും പുറത്തിറങ്ങിയ റോമൻപടയുടെ ഒരു സംഘവുമായി ഹദ്റത്ത് അംറുബ്നു ആസ്(റ) ഏറ്റുമുട്ടുകയും അവരെ പരാജയപ്പെടുത്തിക്കൊണ്ട് സ്പഷ്ടമായ വിജത്തിനുള്ള വഴിതെളിക്കുകയും ചെയ്തു.

ഹദ്റത്ത് അംറുബ്നു ആസ്(റ) സിറിയയിലേക്കുള്ള മാർഗ്ഗേന ഫുസ്താത്തിൽനിന്നും മുപ്പത് മൈൽ അകലെയുള്ള ഒരു നഗരം കീഴടക്കുവാനുള്ള നീക്കത്തിനിടയിൽ റോമൻ സൈന്യം യുദ്ധംചെയ്ത് അദ്ദേഹത്തിന്റെ മാർഗ്ഗം തടസ്സപ്പെടുത്തി. എന്നാൽ അദ്ദേഹം യുദ്ധത്തിനു തുനിയാതെ ഇസ്‌ലാം സ്വീകരിക്കുകയോ ജിസിയ നൽകുകയോ ചെയ്യുക എന്ന നിർദ്ദേശം നൽകിക്കൊണ്ട് ഈജിപ്ഷ്യരോട് രക്തബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനെയും ഔദാര്യം ചെയ്യുന്നതിനെയും കുറിച്ചുള്ള നബി(സ)തിരുമേനിയുടെ വാക്കുകൾ കേൾപ്പിക്കുകയുമാണ് ചെയ്തത്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും നാലുദിവസത്തെ സാവകാശം നൽകിയിട്ടും ഈജിപ്തിലെ ഭരണാധികാരി അർതബൂൻ പന്ത്രണ്ടായിരം വരുന്ന സൈന്യവുമായി രാത്രി സമയത്ത് മുസ്‌ലികൾക്കുമേൽ ആക്രമണം നടത്തുകയും അനേകം പേരെ ശഹീദാക്കുകയും ചെയ്തു. അവരുടെ പക്ഷത്തുനിന്നും ആയിരം പേർ വധിക്കപ്പെടുകയും മുവ്വായിരം പേരെ ബന്ദികളാക്കുകയും ചെയ്തപ്പോൾ അവർ യുദ്ധക്കളം വിട്ടോടുകയാണുണ്ടായത്. ബിൽബീസിൽ ഒരു മാസത്തോളം നീണ്ടുനിന്ന യുദ്ധത്തിനൊടുവിൽ മുസ്‌ലിംകൾ വിജയം കൈവരിച്ചു.

സംഘട്ടനത്തിനിടയിൽ ഖിബ്തിനേതാവാവായ മുഖൗഖിസിന്റെ ഓമന മകൾ അർമാനോസ ബന്ദിയാക്കപ്പെട്ടു. ഹദ്റത്ത് അംറുബ്നു ആസ്(റ) വിശുദ്ധ ഖുർആനിലെ ഹൽ ജസാഉൽ ഇഹ് സാനി ഇല്ലൽ ഇഹ്സാനു-ഉപകാരത്തിനു പകരം പ്രത്യുപകാരത്തിൽ കവിഞ്ഞ് വല്ലതുമുണ്ടോ? എന്ന ആയത്തിന്റെ അടിസ്ഥാനത്തിൽ മുഖൗഖിഖിസ് നബി(സ) തിരുമേനിയുടെ സമക്ഷത്തിൽ ഉപഹാരമയച്ചതിനാൽ മുഖൗഖിസിന്റെ മകളെ മുഴുവൻ ആഭരണങ്ങളും തോഴിമാരുമടക്കം ബഹുമാനാദരങ്ങളോടെ തിരിച്ചയച്ചു. തിരിച്ചയക്കുമ്പോൾ അർമാനോസയോടു പരിചാരിക പറഞ്ഞു, നാം അറബികളുടെ വലയിത്തിലാണുള്ളത്. അർമാനോസ പറഞ്ഞു; അറബികളുടെ കൂടാരങ്ങളിൽ എന്റെ ജീവനും അഭിമാനവും സുരക്ഷിതമാണെന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ എന്റെ പിതാവിന്റെ കോട്ടയിൽ എന്റെ ജീവൻ സുരക്ഷിതമല്ല. അങ്ങനെ തന്റെ പിതാവിന്റെ അടുത്തെത്തിയപ്പോൾ മുസ്ലിംകളുടെ പെരുമാറ്റം കണ്ട് വളരെ സന്തോഷിച്ചു.

സ്വഹാബാക്കൾ(റ) ഒന്നടങ്കം ഹദ്റത്ത് അംറുബ്നു ആസ്(റ)ന്റെ തീരുമാനം ശരിയായി അംഗീകരിച്ചു. ഈ സംഭവം മുസ്ലിംകളുടെ ബുദ്ധിശക്തിയുടെയും ഉന്നത ധാർമ്മിക ഗുണത്തിനും തെളിവാണ്.

നൈൽ നദിയിൽ ട്രേജൻ കടലിടുക്കിന്റെ ഉത്ഭവസ്ഥാനത്തിന്റെ അടുത്ത് ഇന്ന് കെയ്റോയുടെ ഒരു പ്രദേശമായ അസ്ബക്കിയാ, അക്കാലത്ത് ഉം ദുനൈൻഎന്ന പ്രദേശമുണ്ടായിരുന്നു. റോമാക്കാർ സ്വയം ഉപരോധത്തിലായിരുന്നു. ഉം ദുനൈൻ ഈജിപ്തുകാരുടെ പ്രഥമ പ്രതിരോധതാവളമാണെന്നു പറയാം. ഉം ദുനൈനിന്റെ സമീപത്ത് ചെന്ന് മുസ്ലിംകൾ താവളമാക്കി. റോമാക്കാർ ബാബിലോണിയൻ കോട്ടയിൽ അവരുടെ നല്ല ഒരു സൈന്യത്തെ അയച്ചിട്ടുണ്ടായിരുന്നു. ഉം ദുനൈൻകോട്ടയെ കൂടുതൽ ശക്തിപ്പെടുത്തി യുദ്ധത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു. അറബികളുമായി തുറന്ന മൈതാനത്ത് ഏറ്റുമുട്ടുക അസാധ്യമായിരുന്നു. ഉം ദുനൈൻസൈന്യം ഇടക്കിടക്ക് പുറത്തിറങ്ങി ചെറിയ ഏറ്റുമുട്ടലുകൾ നടത്തുകയും പരാജിതരായി തിരിച്ചു കയറുകയും ചെയ്തുകൊണ്ടിരുന്നു. ആഴ്ചകൾ ഇങ്ങനെ പിന്നിട്ടു. ഇതിനിടിയിൽ മുസ്ലിം സൈന്യത്തിന്റെ സഹായിക്കാനായി നാലായിരം വരുന്ന സൈന്യത്തെ അയച്ചു. ഹദ്റത്ത് ഉമർ(റ) ഈ സഹായസേനയെ അയച്ചതോടൊപ്പം അംറുബ്നു ആസിന് ഒരു എഴുത്തും നൽകിക്കൊണ്ട് പറഞ്ഞു; ഇപ്പോൾ താങ്കളോടൊപ്പം പന്ത്രണ്ടായിരം മുജാഹിദുകളുണ്ട്. എണ്ണം കുറവായതുകൊണ്ട് ഒരിക്കലും പരാജയപ്പെടുകയില്ല. റോമൻ യോദ്ധാക്കൾ ഖിബ്തികളെ കൂട്ടുപിടിച്ച് മുസ്ലിംകളെ നേരിടാനായി പുറപ്പെട്ടു. ഇരു സൈന്യവും തമ്മിൽ ഘോരയുദ്ധം നടന്നു. ശത്രുക്കൾ പരാജയപ്പെട്ടു.

വിവിധ വിജയങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്. ഉം ദുനൈൻ വിജയത്തിനു ശേഷം ഫയൂമിന്റെ എല്ലാ പ്രവിശ്യകളിലും ഐനുശ്ശംസിലും റോമാക്കാർക്കെതിരെ മുസ്ലിംകൾ വിജയം നേടി. മെനൗഫിയ പ്രവിശ്യയിലെ രണ്ടു നഗരങ്ങളായ ഇസ്രീബും മെനൗഫും വിജയിച്ചു. ബാബിലോണിയൻ കോട്ട അല്ലെങ്കിൽ ഫുസ്ത്വാതുമായി ഏഴു മാസത്തെ ഉപരോധത്തിനൊടുവിൽ അകത്തു കടന്നു യുദ്ധം ചെയ്ത് കോട്ട ജയിച്ചടക്കി.

ഫുസ്താത്ത് വിജയത്തിനു ശേഷം ഹദ്റത്ത് ഉമർ(റ) അലക്സാൻഡ്രിയ കീഴടക്കുന്നതിനും അനുമതി നൽകി. അലക്സാൻഡ്രിയ ഉപരോധം ഒൻപതു മാസങ്ങളോളം തുടർന്നു. ഹദ്റത്ത് ഉമർ(റ)നു ആശങ്കയായി. അദ്ദേഹം കത്തെഴുതി; ഒരു പക്ഷെ നിങ്ങൾ അവിടെ സുഖലോലുപതയിൽ അകപ്പെട്ടിരിക്കുകയാണോ അല്ലെങ്കിൽ വിജയത്തിനു ഇത്രയും വൈകുകയില്ല. ഈ സന്ദേശം വായിച്ചുകൊണ്ട് മുസ്ലിംകളുടെ മുമ്പാകെ ജിഹാദിനെക്കുറിച്ചു പ്രഭാഷണം നടത്തുകയും ആക്രമണം നടത്തുകയും ചെയ്യുക. ഹദ്റത്ത് ഉമർ(റ)ന്റെ കത്ത് വായിച്ചുകേൾപ്പിച്ച ശേഷം ഹദ്റത്ത് അംറുബ്നു ആസ്(റ), ഹദ്റത്ത് ഉബാദാ ബിൻ സ്വാമിത്തിനെ വിളിക്കുകയും പതാക അദ്ദേഹത്തെ നൽകുകയും ചെയ്തു. മുസ്ലിംകൾ വീറോടെ പോരാടുകയും നഗരം കീഴടക്കുകയും ചെയ്തു. അതേ സമയം ഹദ്റത്ത് അംറ് മദീനയിലേക്ക് ദൂതനെ അയക്കുകയും കഴിയുന്നത്ര വേഗത്തിൽ പോയി ഹദ്റത്ത് അമീറുൽമുഅ്മിനീന് വിജയത്തിന്റെ സുവാർത്ത അറിയിക്കുക എന്നു പറയുകയും ചെയ്തു. ദൂതൻ ഉച്ച സമയത്താണ് മദീനയിലെത്തിയത്. ഇപ്പോൾ വിശ്രമസമയമാണെന്ന് കരുതി നേരെ മസ്ജിദ് നബവിയിലേക്കു തിരിച്ചു. യാദൃശ്ചികമായി ഹദ്റത്ത് ഉമർ(റ)ന്റെ പരിചാരിക അവിടെയെത്തി. ഉമർ(റ)ന്റെ അടുക്കൽ അപ്പോൾത്തന്നെ വിവരമറിയിച്ചു. വിജയവാർത്തയറിഞ്ഞ ഉമർ നിലത്തുവീണു ശുക്റിന്റെ സുജൂദ് ചെയ്തു. ഹദ്റത്ത് ഉമർ(റ) ദൂതനോട് ചോദിച്ചു; നേരിട്ട് എന്റെയടുക്കൽ എന്തുകൊണ്ട് വന്നില്ല? താങ്കൾ വിശ്രമിക്കുകയായിരിക്കുമെന്ന് കരുതിയാണ്. ദൂതൻ മറുപടി നൽകി. ഹദ്റത്ത് ഉമർ(റ) പറഞ്ഞു; ''നീ എന്നെക്കുറിച്ച് എന്തുകൊണ്ട് അങ്ങനെ ചിന്തിച്ചു. ഞാൻ പകൽ ഉറങ്ങിക്കിടന്നാൽ ഖിലാഫത്തിന്റെ ഉത്തരവാദിത്വം ആര് വഹിക്കും?''

അലക്സാൻഡ്രിയ വിജയത്തോടെ ഈജിപ്ത് മുഴുവനും അധീനതയിലായി. ഈ യുദ്ധങ്ങളിൽ നിരവധിപേരെ ബന്ദികളാക്കി. ഹദ്റത്ത് ഉമർ ബന്ദികളെക്കുറിച്ച് ഹദ്റത്ത് അംറിന് കത്തു മുഖേന നിർദ്ദേശം നൽകി; ബന്ദികളെയെല്ലാം വിളിച്ചുകൂട്ടുക. എന്നിട്ട് അവരോട് അവർക്ക് വേണമെങ്കിൽ ഇസ്ലാം മതം സ്വീകരിക്കാം അല്ലെങ്കിൽ സ്വന്തം മതവിശ്വാസത്തിൽ നിലകൊള്ളാമെന്നും പറയുക.

അലക്സാൻഡ്രിയ വിജയത്തെക്കുറിച്ചുള്ള പരാമർശത്തിൽ എതിരാളികൾ പ്രത്യേകിച്ച് ക്രിസ്ത്യൻ എഴുത്തുകാർ ഹദ്റത്ത് ഉമർ(റ)ന്റെ കല്പനപ്രകാരം അലക്സാൻഡ്രിയ ലൈബ്രറി ആറു മാസത്തോളം അഗ്നിക്കിരയാക്കി എന്ന് ആക്ഷേപിച്ചുകൊണ്ട്, മുസ്ലിംകൾ നഊദുബില്ലാഹ് വിജ്ഞാനസമ്പാദനത്തിനെതിരായിരുന്നു എന്ന് സ്ഥാപിക്കാൻ ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ ഏതൊരു സമുദായത്തിന്റ മാർഗദർശകനാണോ അറിവ് സമ്പാദനം ഓരോ മുസ്ലിമിന്റെയും ബാധ്യതയാണെന്നും ചൈനയിൽ പോയിട്ടാണെങ്കിലും അറിവ് നേടുക

എന്നും പറഞ്ഞിരിക്കുന്നത് ആ സമുദായത്തിനുമേൽ ഗ്രന്ഥശാല കത്തിച്ചു എന്ന ആരോപണം ബുദ്ധിക്കും തെളിവുകൾക്കും നിരക്കാത്തതാണ്. അല്കസാൻഡ്രിയ ലൈബ്രറി കത്തിച്ച സംഭവം തികച്ചും കൃത്രിമനിർമ്മിതി യാണെന്നും വ്യാജപ്രചാരണമാണെന്നും നിരവധി ക്രൃസ്തീയ,യൂറോപ്യൻ ചിന്തകരും തെളിയിച്ചിട്ടുള്ളതാണ്. ഹദ്റത്ത ഖലീഫത്തുൽ മസീഹ് അവ്വൽ(റ) തസ്ദീഖ് ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിലും ഈ ആരോപണത്തിനെ നിഷേധിച്ചുകൊണ്ട് തെളിവോടു കൂടി ശക്തമായ മറുപടി ൽകിയിട്ടുണ്ട്.

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തു കാലത്ത് ഇസ്ലാമികസാമ്രാജ്യം കിഴക്ക് ജയ്ഹോൺ, സിന്ധു നദികൾ മുതൽ പടിഞ്ഞാറ് ആഫ്രിക്കൻ മണലാരണ്യങ്ങൾ വരെയും, ഏഷ്യാമൈനർ പർവ്വതനിരകളും അർമേനിയ മുതൽ ദക്ഷിണദിക്കിലെ ശാന്ത മഹാ സമുദ്രം,നൂബിയ വരെയും ഒരു രാഷ്ട്രമെന്ന രൂപത്തിൽ ലോക ഭൂപടത്തിൽ പ്രത്യക്ഷമായി. എല്ലാവരും ഇസ്ലാമിന്റെ നീതിയുടെയും കാരുണ്യത്തിന്റെയും തണലിൽ ശാന്തിയോടെയും സമാധാനത്തോടെയും ജീവിച്ചു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു; നിങ്ങളെ ആരെങ്കിലും കരണത്തടിച്ചാൽ നിങ്ങളും തിരിച്ചടിക്കുക എന്ന് അനുവാദം നൽകിയ അല്ലാഹു തന്നെ പറഞ്ഞിരിക്കുന്നു; ഒരാളെ നേരിടുന്നത് സംസ്കരണത്തിന് വിപരീതമായി തോന്നുകയാണെങ്കിൽ സംയമനം പാ ലിക്കുക, തിരിച്ചടിക്കരുത്. ഹദ്റത്ത് അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ) അഫ്ഗാനിസ്ഥാനിലെയും ബുഖാറായിലെയും ഗോത്രങ്ങളുടെയും കുർദികളുടെയും അക്രമങ്ങൾ എന്തുകൊണ്ട് മാപ്പാക്കിയില്ല എന്നതിന് തെളിവുകളില്ല. അതിനുള്ള കാരണമിതാണ് അതായത് ചില ഗോത്രങ്ങൾ മുഖേന മുസ്ലിംകളെ ജാഗ്രതപ്പെടുത്തുന്നതിനും അവരിൽ പുതിയ ആത്മാവും പുതിയൊരു ജീവനും സംജാതമാക്കുന്നതിനും വേണ്ടി മുസ്ലിംകളുടെ മേൽ അല്ലാഹുവിന്റെ ഭാഗത്തുനിന്നാണ് ആക്രമണം ഉണ്ടായത്. അത്ഗോത്രങ്ങളുടെ ഭാഗത്തുനിന്നായിരുന്നില്ല.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തൽസംബന്ധമായി ഒരു ഖുത്ബയിൽ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു; ദുരിതങ്ങളും പ്രയാസങ്ങളും നമ്മെ ദൈവവുമായി അടുപ്പിക്കുകയാണ് വേണ്ടത്. പിന്നീട് വിജയത്തിലേക്കെത്തിക്കുന്നതും അതുതന്നെയായിരിക്കും. ഇത്തരം കാര്യങ്ങളിൽ നാം ഭയന്ന് പിൻമാറിക്കൊണ്ടിരുന്നാൽ, നമ്മുടെ സംസ്കരണത്തിലേക്ക് ശ്രദ്ധിക്കാതിരുന്നാൽ അഭിവൃദ്ധി നേടാൻ സാധിക്കുകയില്ല. അഭിവൃദ്ധി നേടുകയും ദുരിതങ്ങൾ അവസാനിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിലേക്ക് കൂടുതൽ ശ്രദ്ധതിരിക്കേണ്ടതാണ്. അതുപോലെതന്നെ ആത്മീയ അഭിവൃദ്ധിയിലേക്കും ഉന്നമനത്തിലേക്കും ശ്രദ്ധതിരിയേണ്ടതാണ്. ഇന്നും അഹ്മദികൾ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമാണിത്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Jalsa Gah, Hadeeqatul Mahdi, Alton, UK – on 01-10-2021

Malayalam Translation: **K.Najmudheen** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516